LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു നേരത്തെ ഭക്ഷണത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന നിലമ്പൂരിലെ ആദിവാസികൾക്ക് പാകം ചെയ്ത ഭക്ഷണം നൽകുന്നതിനായി വെറ്റിലകൊല്ലി, മണ്ണല, അലയ്ക്കൽ, കുമ്പളപ്പാറ എന്നിവിടങ്ങളിലാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതി നടപ്പിലാക്കിയത്. തുടർന്ന് ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഇതിനായി പ്രത്യേക തുക നീക്കിവയ്ക്കുകയും മഹിളാ സമഖ്യ എന്ന ഏജൻസി മുഖേന ആദിവാസി മേഖലകളിൽ പാകംചെയ്ത ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുകയുമുണ്ടായി. ഈ സാഹചര്യത്തിൽ സുരക്ഷാ മിഷൻ ഈ മേഖലകളിൽ പദ്ധതി നടപ്പിലാക്കേണ്ടതില്ലായെന്ന് എക്സിക്യൂട്ടീവ് ഗവേണിംഗ് ബോഡി തീരുമാനിച്ചതിനെ തുടർന്ന് ടി പദ്ധതി നിർത്തലാക്കുകയാണുണ്ടായത്. 30-9-2010 വരെയാണ് സുരക്ഷാ മിഷൻ വഴി ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ കാലയളവിൽ 272 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. ആകെ 5,79,606 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന് സർക്കാർ തുക അനുവദിച്ച് നൽകിയിട്ടില്ല. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കോർപ്പസ് ഫണ്ടിൽ നിന്നുമാണ് 5,79,606 രൂപ ചെലവഴിച്ചിട്ടുള്ളത്.

അംഗപരിമിത സെൻസസ് നടത്തിയവർക്കുള്ള വേതനം

321(1700) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിയ അംഗപരിമിത സെൻസസിനായി വിവരശേഖരണം നടത്തിയ അങ്കണവാടി വർക്കർമാർക്കും മറ്റും നൽകേണ്ട പ്രതിഫല തുക മുഴുവനായും നൽകിയോ; ഇല്ലെങ്കിൽ കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിനായി എത്ര തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തി; ഇതിൽ എന്ത് തുക നാളിതുവരെ ചെലവഴിച്ചു;

(സി) സെൻസസ് ഇപ്പോൾ ഏതു ഘട്ടത്തിൽ എത്തിനിൽക്കുന്നു എന്നറിയിക്കാമോ;

(ഡി) ഈ സെൻസസ് എപ്പോഴത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കാമോ?

ഉത്തരം

(എ) അംഗപരിമിത സെൻസസിലെ പ്രൈമറി എന്യൂമറേറ്റർമാരായിരുന്ന അംഗൻവാടി വർക്കർമാർക്ക് നൽകാനുള്ള പ്രതിഫല തുക നൽകിയിട്ടില്ല. ഡാറ്റാ എൻട്രി പൂർത്തീകരിച്ചതിനുശേഷം ലഭിക്കുന്ന കമ്പ്യൂട്ടർ ജനറേറ്റഡ് കണക്കുകൾ പ്രകാരമാണ് എന്യൂമറേറ്റർമാരുടെ പ്രതിഫല തുക നിശ്ചയിക്കുന്നത്. ഈ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇത് പൂർത്തീകരിച്ചതിനുശേഷമേ കൃത്യമായ പ്രതിഫല തുക നിശ്ചയിച്ച് നൽകുവാൻ കഴിയുകയുള്ളൂ.

(ബി) അംഗപരിമിത സെൻസസിനായി 13,54,27,750 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നാളിതുവരെ 505 ലക്ഷം രൂപ ചെലവഴിച്ചു.

(സി) ഫീൽഡ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സെൻസസ് റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

(ഡി) അംഗപരിമിത സെൻസസ് റിപ്പോർട്ട് 2016 ഫെബ്രുവരി മാസത്തിലും കണക്കുകളും മറ്റും 2016 ഏപ്രിൽ മാസവും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ജെൻഡർ പാർക്ക്

322(1701) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സ്ത്രീശാക്തീകരണത്തിനും സുരക്ഷയ്ക്കുമായി ജെൻഡർ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം സ്ഥലത്ത് ജെൻഡർ പാർക്കിന്റെ പ്രവർത്തനം സ്ത്രീകൾക്ക് ഉപയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇത് പ്രവർത്തിപ്പിക്കുന്നതിന് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഘടനയും അധികാരവും വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ജെൻഡർ പാർക്കിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കോഴിക്കോട് വെള്ളിമാട് കുന്നിൽ നടന്നുവരികയാണ്.

(ബി) ജെൻഡർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ജെൻഡർ പാർക്കിന്റെ ഓൺ ക്യാമ്പസ്

LIBRARY ARCHIVES Kerala Legislative Assembly